നമ്മുടെ കൂട്ടായ്മയുടെ പതാകവാഹക പംക്തിയായ ''Talented Banker of the Week '' ആറാം വര്ഷത്തിലേക്ക് പ്രവേശിക്കുകയാണ് ഈയാഴ്ചയില്.

സംഗീത സാഗരവീചികളില് നിതാന്ത പഠനാര്ത്ഥിയായി
പഠനാര്ത്ഥികള്ക്ക് ഗുരുവായി,

അതേസമയം ബാങ്കിംഗിനെ ജീവിതമാര്ഗ്ഗമായി പുല്കിയ
ഒരു ദളവുമായി പ്രതിഭാ പരിചയ വേദിയുടെ പ്രയാണം തുടരുന്നു.

സഹര്ഷം, ഈയാഴ്ചയുടെ ദളം,

സംഗീത് ഗോപാല്
ആക്സിസ് ബാങ്ക്
വൈക്കം ബ്രാഞ്ച്
കോട്ടയം ജില്ല.

നൂറ്റാണ്ടുകളുടെ സപര്യയുടെ പുണ്യം പേറുന്ന സംഗീത കുടുംബത്തിലെ ഗഞ്ചിറ വിദ്വാന് തൃപ്പൂണിത്തുറ എന്. ഗോപാലകൃഷ്ണന് - സരോജം ഗോപാലകൃഷ്ണന് ദമ്പതികളുടെ മകനായി 1980 ല് ജനനം. സംഗീതലോകത്ത് നിറസാന്നിദ്ധ്യമായി തുടരുന്ന പിതാവ്, എറണാകുളത്തെ കേന്ദ്രസര്ക്കാര് സ്ഥാപനത്തില് അഡ്മിനിസ്ട്രേറ്റീവ് ഓഫീസര് തസ്തികയില് നിന്ന് വിരമിച്ചു. ആകാശവാണിയുടെ ഗ്രേഡഡ് ആര്ട്ടിസ്റ്റായും അദ്ദേഹം സപര്യ തുടരുന്നു.

മാതാവ്, IRE Ltd ല് ഉദ്യോഗസ്ഥയായിരുന്നു; 2013 ല് ദിവംഗതയായി.

തൃപ്പൂണിത്തുറ ചിന്മയാ വിദ്യാലയം, എറണാകുളം സെന്റ് ആല്ബെര്ട്സ് കോളേജ് എന്നിവിടങ്ങളിലായിരുന്നു സംഗീതിന്റെ വിദ്യാഭ്യാസം. കോമേഴ്സില് ബിരുദം നേടിയ ശേഷം ബാങ്കിംഗ് പ്രൊഫെഷനിലേക്ക് കടന്നു. ICICI Bank, Indus Ind Bank, ധനലക്ഷ്മി ബാങ്ക് എന്നിവിടങ്ങളിലെ ബാങ്കിംഗ് പ്രവര്ത്തി പരിചയവുമായി ആക്സിസ് ബാങ്കില് ചേര്ന്ന സംഗീത്, Axis Bank CASA കൊച്ചിന് ക്ലസ്റ്റര് ഹെഡ്, Infosys ബ്രാഞ്ച് ഹെഡ് എന്നീ നിലകളില് പ്രവര്ത്തിച്ചു; ഇപ്പോള് വൈക്കം ബ്രാഞ്ച് മാനേജരാണ്.

പ്രതിഭാ വികാസവീഥി-

കേരളത്തിനകത്തും പുറത്തും പ്രമുഖ സംഗീത
സഭകളില് കച്ചേരികള് അവതരിപ്പിച്ചു വരുന്നു. മൃദംഗം, വയലിന്, വോക്കല് എന്നിവയില് ശാസ്ത്രീയ പരിപോഷണം ലഭിച്ച സംഗീത് കാഞ്ചി കാമകോടി പീഠം ആസ്ഥാന വിദ്വാന് സ്ഥാനവും വഹിക്കുന്നു.

കുടുബത്തിലെ സംഗീത ഗുരുപരമ്പരയിലെ ഇപ്പോഴത്തെ

അഗ്രസ്ഥാനീയന് വിഖ്യാത മൃദംഗ -കർണാടിക് - ഹിന്ദുസ്ഥാനി സംഗീതജ്ഞന് പത്മഭൂഷണ് Dr. T.V. ഗോപാലകൃഷ്ണന് സംഗീതിന്റെ സംഗീതവഴികള്ക്ക് മാനസികഗുരുവായി പ്രചോദനമേകുന്നു. (പിതാവിന്റെ വലിയച്ഛന്റെ മകനാണ് Dr. TVG)

പിതാവും അദ്ദേഹത്തിന്റെ ഇളയ സഹോദരനും പ്രസിദ്ധ ഘടം വിദ്വാനുമായ തൃപ്പൂണിത്തുറ N. രാധാകൃഷ്ണന്, മുത്തശ്ശനും ആര്. എല്. വീ സ്കൂള് ഓഫ് ഫൈന് ആര്ട്സില് മൃദംഗവിഭാഗം അദ്ധ്യാപകനായിരുന്ന ഗുരു ജി.നാരായണസ്വാമി, ഗുരു തുറവൂര് കൃഷ്ണകമ്മത്ത് എന്നിവരുടെ ശിഷ്യനായി മൃദംഗവാദനം സ്വായത്തമാക്കുവാന് കഴിഞ്ഞു.

ഗുരു പാറശ്ശാല രവിയുടെ കീഴില് ഉപരിപഠനം തുടരുകയും ചെയ്യുന്നു. വോക്കലില് ഗുരു മാവേലിക്കര വേലുക്കുട്ടി നായരുടെ ശിഷ്യത്വവും വിലപ്പെട്ടതായി. ഗുരു പി. മധു, ഗുരു തൃപ്പൂണിത്തുറ എസ്.കെ. സുബ്രഹ്മണ്യം, ഗുരു മാവേലിക്കര പ്രഭാകരവര്മ്മ എന്നിവരുടെ ശിക്ഷണവും ലഭിച്ചു.

വയലിനില് ഗുരു നെടുമങ്ങാട് ശിവാനന്ദന്, പ്രൊഫ. ഈശ്വരവര്മ്മ എന്നിവരുടെ ശിക്ഷണവും അനുഗ്രഹമായി. ഗുരു ചേര്ത്തല രംഗനാഥ ശര്മ്മയുടെ കീഴില് ഉപരിപഠനവും നടത്തിയിട്ടുണ്ട്.

സെന്റ് ആര്ബര്ട്സ് കോളേജ് പഠന സമയത്ത് എം.ജീ യൂണിവേഴ്സിറ്റി സൗത്ത്
സോണ് കലോത്സവങ്ങളില് പെര്കഷന് ഇനങ്ങളില് തുടര്ച്ചയായി സമ്മാനിതനായ കാലം വിവരിക്കുമ്പോള് പഠനകാല സൗഹൃദങ്ങളും സംഗീത് ഓര്ത്തെടുക്കുന്നു. അക്കാലത്ത് കഥകളി,
ഓട്ടന് തുള്ളല് തുടങ്ങിയ ക്ലാസിക് നൃത്ത, ഗാനവിഭാഗങ്ങളിലൂടെ സെന്റ് ആല്ബെര്ട്സിന് പുരസ്കാരങ്ങള് നേടിക്കൊടുത്ത കെ.ആര്. രഞ്ജിത്, കുല്ദീപ് പൈ തുടങ്ങിയവരുമായുള്ള സൗഹൃദത്തണലിന്റെ ഊഷ്മതകളിലൂടെ സംഭാഷണം തുടര്ന്നു.

മുംബൈ ഷണ്മുഖാനന്ദ മിനിഹാള്, മാംഗലൂര് കലാരസ്ന സഭ എന്നിവയിലെ കച്ചേരികള് സംഗീത സാഗരത്തിന്റെ ആഴങ്ങളിലേക്കൂളിയിടുവാന് തനിക്ക് പ്രേരണയേകി-

ജന്മനാട്ടിലെ വിവിധ സംഗീത
സഭകളില് കച്ചേരികള് അവതരിപ്പിക്കുവാനും പക്കമേളമേകുവാനും സംഗീത പാഠങ്ങള് പകര്ന്നു നല്കുവാനും ബാങ്കിംഗ് തിരക്കുകള്ക്കിടയിലും സമയം കണ്ടെത്തുന്നു.

ആക്സിസ് ബാങ്കില് സംഗീതിന്റെ സഹപ്രവര്ത്തകനും ടീബിയുടെ മുന്കാല പ്രതിഭാദളവുമായ ചിത്രകാരന്

വെങ്കിട് രാഘവന്, ടീ ബിക്കു വേണ്ടി നല്കിയ സന്ദേശത്തിലെ ശ്രദ്ധേയമായ ഒരു ഭാഗം കൂടി ഇതോടൊപ്പം ചേർത്തു വയ്ക്കുന്നു-

"ബാങ്കിംഗ് തിരക്കുകളില് നിന്ന് രാത്രി ഒന്പത് മണിയെങ്കിലുമാകും വിടുതല് കിട്ടുവാന്. അതിനുശേഷം രാത്രി പന്ത്രണ്ടു വരെയെങ്കിലും സാധകം ചെയ്യുന്ന സംഗീത് വിസ്മയാവഹമായ സമര്പ്പണത്തിലൂടെ തന്റെ സംഗീത സിദ്ധിയെ പരിപോഷിപ്പിക്കുന്നു. ബാങ്കിന്റെ വിവിധ ആഘോഷങ്ങളുടെ ഭാഗമായി സംഗീതിന്റെ സംഗീത പരിപാടികള്ക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യനായി സംഗീത അഭ്യസനം നടത്താനും ഭാഗ്യമുണ്ടായി. പക്ഷെ എന്റെ തിരക്കുകള്ക്കിടയില് അത് മുടങ്ങിപ്പോവുകയുണ്ടായി. തിരക്കേറിയ ബാങ്കിംഗ് പ്രൊഫഷനില് സൗമ്യതയുടെ വ്യക്തിമുദ്ര പതിപ്പിക്കുവാന് പ്രിയ സ്നേഹിതന് സംഗീതിനെ പ്രാപ്തനാക്കുന്നതില് അദ്ദേഹം അനുവര്ത്തിക്കുന്ന സംഗീതാര്പ്പണത്തിന് വലിയൊരു പങ്കുണ്ട് "-

"തീർച്ചയായും, ബാങ്കിംഗിന്റെ വിശാലഭൂമികയില് വന്നു ചേരുന്ന വിവിധ വിഭാഗം ജനങ്ങളുമായി ഇടപഴകുവാനും സേവനം സംപുഷ്ടമാക്കുവാനും എന്നിലെ സംഗീതോപാസകന് എന്നെ പ്രാപ്തനാക്കുന്നു". സംഗീതത്തിന്റെ വിവിധശ്രേണികളില് വിഖ്യാത സംഗീത പ്രതിഭകളുടെ ഗുരുശ്രേഷ്ഠനായ വലിയച്ഛന് Dr T. V. ഗോപാലകൃഷ്ണന് അവര്കളാണെന്റെ റോള് മോഡല്. സര്വ ശ്രീ ഇളയരാജ, ശിവമണി, എ.ആര്. റഹ്മാന് തുടങ്ങിയ വിഖ്യാതര് അദ്ദേഹത്തിന്റെ ശിഷ്യസമ്പത്തിലെ ജ്യോതിസ്സുകളായി തിളങ്ങുകയും ചെയ്യുന്നു. അതിലൊരു കണ്ണിയാകാന് കഴിഞ്ഞതാണെന് പുണ്യം"- സംഗീത് വിനയാന്വിതനായി സംഭാഷണം തുടര്ന്നു.

ഈ കഴിഞ്ഞ സെപ്തംബര് 18 ന് ഈ ലേഖകന് സംഗീതിനെ ഫോണില് ബന്ധപ്പെടുന്ന സുദിനവും ശ്രദ്ധേയമായി. Dr. T V G യുടെ സുവര്ണ്ണ നവതിയാഘോഷ പരിപാടികള് ചെന്നൈ സദ്ഗുരു ജ്ഞാനാനന്ദ ഹാളില് ശിഷ്യസമൂഹവും പൗരപ്രമുഖരും ചേര്ന്ന് സമുചിതമായി ആഘോഷിച്ചതില് കുടംബസമേതം പങ്കെടുത്ത ശേഷമുള്ള വിശ്രമ സമയമായിരുന്നു, അത്. മഹത്തായ ഗുരുപൂജയുടെ അനുരണനങ്ങള് നിറഞ്ഞു നിന്ന വേളയിലെ ഞങ്ങളുടെ സംഭാഷണത്തില്, തന്റെ മാനസികഗുരു തനിക്കു തരുന്ന പ്രചോദനം സ്നേഹാര്ദ്രത നിറഞ്ഞ വാക്കുകളില് സംഗീത് പകര്ന്നു നല്കി.

തിരുവനന്തപുരം വലിയശാല ഗ്രാമത്തില് ഭൂജാതയായ സ്വേത ഭഗവതിയുമായുള്ള ദാമ്പത്യവല്ലരിയില് വിടര്ന്ന മുകുളങ്ങള്- പത്തു വയസ്സുകാരന് ശിവറാമും അഞ്ചു വയസ്സുകാരി ശിവരഞ്ജിനിയും കൂടിച്ചേരുമ്പോഴുള്ള കുടംബമേളം, സംഗീത് ഗോപാലിന്റെ സംഗീതസപര്യക്ക് ഇമ്പമിയറ്റുന്നു. പുല്ലാങ്കുഴല്,

മൃദംഗം എന്നിവയില് പ്രാവീണ്യം തെളിയിച്ചുകൊണ്ട് ശിവറാം ഇതിനകം തന്റെ നൈപുണ്യം പ്രകാശിപ്പിച്ചു തുടങ്ങി. തൃപ്പൂണിത്തുറ ഭവന്സില് അഞ്ചാം ക്ലാസ്സിലാണ് ശിവറാം. ശിവരഞ്ജിനി എല്. കേ. ജിയിലും.

സംഗീതിനും കുടുംബത്തിനും സംഗീതസപര്യ അഭംഗുരം തുടരുവാനും സംഗീതസരണിയില് രാഗ താള ലയ സ്വര കല്പനകളുടെ പുതുതരംഗങ്ങളുളവാക്കുവാനും ഹൃദയംഗമമായ ആശംസകളോടെ,

ടാലന്റഡ് ബാങ്കേഴ്സ്.

---------------------------------------------------------------------------------------------
തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC പത്തനംതിട്ട
---------------------------------------------------------------------------------------------

As we move on to the sixth year of the "Talented Banker of the Week", we introduce a banker who breathes music - a learner who guides other talented music learners..

Sangeeth Gopal
Axis Bank
Vaikom branch, Kottayam

Sangeeth was born to the Khanjira Vidwan Thripunithura N.Gopalakrishnan who is part of a musical family and continues as a graded artist in Akasavani after retiring as Administrative Officer from a Central Government organisation in Ernakulam. His late mother worked in IRE Ltd.

He completed his schooling from Thripunithura Chinmaya Vidyalaya and did BCom from Ernakulam St. Albert's college. He worked in ICICI Bank, Indus Ind Bank, Dhanalaxmi Bank before joining Axis Bank and worked as Axis Bank CASA Cochin cluster head and Infosys Branch Head and is now Vaikom Branch Manager.

He performs sangeetha kacheris at various venues in and out of Kerala. He has expertise in Mridangam, Violin and Vocal music and is also the main vidwan in the Kanchi Kamakoti Peetam.

The famous Mridanga-Carnatic-Hindustani musician, Padmabhushan Dr. T.V.Gopalakrishnan, is Sangeeth's role model in music(he is Sangeeth's father's paternal uncle's son).

Mridangam was taught to him by his father, paternal uncle and famous Ghatom vidwan Thripunithura N.Radhakrishnan, grandfather Guru G. Narayanaswamy who taught Mridangam at RLV School of Fine Arts, and Guru Thuravur Krishna Kammath. He is still taking his advanced lessons from Guru Parassala Ravi.

He learnt vocal Carnatic music from Guru Mavelikkara Velukkuty Nair, Guru P. Madhu, Guru Thripunithura S.K.Subramanyam and Guru Mavelikkara Prabhakara Varma.

He took violin lessons from Guru Nedumangad Sivanandan, Prof. Easwaravarma and advanced lessons from Guru Cherthala Ranganadha Sarma.

As he describes his successive winning in the MG University South Zone Youth Festivals from St. Albert's in events of percussion instruments,he also gets talkative about his friends from college who won prizes for classical danceforms like Kadhakali and Ottanthullal and music - K.R.Renjith and Kuldeep Pai.

He has been inspired to delve into the nuances of music by the concerts he performed at the Mumbai Shanmughananda Mini hall and Mangalore Kalarasna sabha.

He finds time amidst his work schedule to do concerts, participate in pakkamelas and teach music.

His colleague and one of our TBs, Venkit Raghavan elaborates how Sangeet meticulously practises music after returning from office until atleast midnight every day. Such a dedication in pursuing his music itself maybe a reason for his successful stint in his profession as well, says Venkit Raghavan.

"My paternal uncle, Dr T.V. Gopalakrishnan who is a guru to even stalwarts like Ilayaraja, Sivamani and A.R. Rahman, is my role model. I am blessed to be part of the huge number of students who learned music from him," says Sangeeth.

He is married to Swetha Bhagavati of Thiruvananthapuram Valiyasala gramam and they are blessed with ten-year-old Sivaram and five-year-old Sivaranjini. Sivaram, who is a fifth grader, is already expressing his talents in playing flute and Mridangam. Sivaranjini is in LKG.

May Sangeeth and his family continue their musical journey and may they reach out to new horizons of music and life.